വൈദ്യുതി അപകടങ്ങൾ

3 (1645) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2002 മുതൽ ഇതുവരെ വൈദ്യുതി അപകടങ്ങളിൽ മരണമടഞ്ഞവർ എത്ര ;

(ബി) ഈ അപകടങ്ങൾക്കുള്ള പ്രധാനകാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുത അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവർക്കും അപകടം നേരിടുന്നവർക്കും നൽകുന്ന നഷ്ടപരിഹാരം എപ്രകാരമാണ് ; വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) 281 (2002 ജനുവരി മാസം മുതൽ 2003 മേയ്മാസം വരെ)

(ബി) വൈദ്യുതി ലൈനുകൾ പൊട്ടി വീണും സ്റ്റേ വയറുകളിലൂടെ കറണ്ട് വന്നും, വൃക്ഷങ്ങൾ മുറിയ്ക്കുമ്പോൾ ശിഖരങ്ങൾ ലൈനുകളിൽ വീണ് അതിലൂടെ ഇലക്ട്രിക് ഷോക്ക് അടിച്ചും, നദികളിൽ നിന്നും മത്സ്യം പിടിക്കുന്നതിന് വേണ്ടി കറണ്ട് മോഷ്ടിച്ച് ഉപയോഗിക്കുന്നതിലൂടെയും, കാറ്റിലൂടെയും കാറ്റിലും മഴയിലുംപെട്ട് പോസ്റ്റുകൾ മറിഞ്ഞ് വീഴുന്നതിലൂടെയും ആത്മഹത്യ ചെയ്യുന്നതിനുവേണ്ടി വൈദ്യുതി ബോർഡിന്റെ ട്രാൻസ്ഫോർമർ പോലുള്ള ഉപകരണങ്ങളിൽ പിടിക്കുന്നതിലൂടെയും ലൈനുകളുടെ കീഴിൽ റ്റി. വി. ആന്റിനകൾ സ്ഥാപിക്കുന്നതിലൂടെയും, നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അശ്രദ്ധയോടെ ഇരുമ്പുകമ്പികൾ ഉയർത്തുന്നതിലൂടെയും, വീട്ടിനുള്ളിൽ അശ്രദ്ധയോടെ ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയുമാണ് പ്രധാനമായും വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നത്.

വൈദ്യുത ലൈനുകളിൽ പണിയെടുക്കുമ്പോൾ അബദ്ധത്തിൽ ഷോക്കേറ്റും പോസ്റ്റിൽനിന്ന് വഴുതി വീണും അപകടങ്ങൾ സംഭവിക്കാറുണ്ട്.

(സി) വൈദ്യുതി ബോർഡ്, നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം 1-1-2000 മുതൽ നടപ്പിലാക്കിയിട്ടുള്ള "വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി" പ്രകാരം വൈദ്യുതി ബോർഡിന്റെ വൈദ്യുത ഉപകരണങ്ങളിൽ നിന്നും ബോർഡിന്റെ അനാസ്ഥ നിമിത്തം മരണപ്പെടുന്ന പൊതുജനങ്ങളുടെ നിയമപരമായ അവകാശികൾക്ക് പരമാവധി 50,000 രൂപ വരേയും, അപകടങ്ങളിൽപെട്ട്

LIBRARY ARCHIVES Kerala Legislative Assembly

അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ ശതമാനം അനുസരിച്ച് ആനുപാതികമായും തുക അനുവദിക്കുന്നതാണ്. ഈ തുക പരമാവധി 50,000 രൂപയാണ്.

1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ സെക്ഷൻ 4 അനുസരിച്ച് മരണമടയുന്നതും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നതുമായ ബോർഡ് ജീവനക്കാരുടെ വയസ്സിന്റെയും 4,000 രൂപ പ്രതിമാസ ശമ്പള പരിധിയുടെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക കണക്കാക്കുന്നു. മരണപ്പെട്ട കേസുകളിൽ ടി തുക ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ (വർക്ക്മെൻ കോമ്പൻസേഷൻ) ഓഫീസിൽ കെട്ടിവച്ച് നിയമപ്രകാരമുള്ള ആശ്രിതർക്ക് നൽകി വരുന്നു.

വൈദ്യുതോൽപ്പാദന മേഖലയിലെ പ്രതിസന്ധി

4 (1648) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന മേഖല ഇപ്പോൾ പ്രതിസന്ധിയിലായിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പ്രതിസന്ധികളാണ് ഇപ്പോൾ നേരിടുന്നത് ;

(ബി) വൈദ്യുതി മേഖലയിലെ ഈ പ്രതിസന്ധിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; പ്രതിസന്ധി സംജാതമാകുന്നതിനിടയാക്കിയ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിലെ ക്രമീകരണങ്ങളിലുണ്ടായ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) പദ്ധതികളുടെ ഭാഗമായുള്ള റിസർവ്വോയറുകളിൽ സംഭരിക്കുന്ന ജല വിനിയോഗത്തിൽ ഏതെല്ലാം നിലയിലുള്ള പാളിച്ചകൾ ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) താപ വൈദ്യുതിയുടെ അധിക ചെലവിന്റെ പേരിൽ മൂന്നു തവണ ചാർജ് വർദ്ധിപ്പിച്ച ബോർഡ്, ഇപ്പോഴും വിലയേറിയതാണെന്ന നിലയിൽ താപവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദനം നടത്താതെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ വർഷം മഴ കുറവായതിനാൽ ജലസംഭരണികളിൽ ശേഖരിക്കപ്പെട്ട വെള്ളത്തിൽ വന്ന കുറവും, ഇടവപ്പാതി വൈകിയതുമൂലവും സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനമേഖലയിൽ പ്രതിസന്ധി ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly